**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 104** **19-09-2025 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ സുരക്ഷാ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂളുകളിലെ സുരക്ഷാപ്രശ്നങ്ങൾ പരിശോധിക്കാൻ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | **ഓഡിറ്റ് നടത്തിയിട്ടുണ്ട്. സ്കൂൾ സുരക്ഷ, കുട്ടികളുടെ സുരക്ഷ, പരിസര ശുചീകരണം, ഉച്ചഭക്ഷണം, യാത്രസുരക്ഷ എന്നിവ സംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്തി 13/05/2025, 31/05/2025,** 26/07/2025, 07/08/2025 എന്നീ തീയതികളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ ആഫീസർമാർ മുഖാന്തിരം പ്രധാനാധ്യാപകർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിലെ വിദ്യാർത്ഥിയുടെ അപകട മരണത്തെ തുടർന്ന് സംസ്ഥാനത്തിലെ എല്ലാ വിദ്യാലയങ്ങളിലും എല്ലാ തരത്തിലുള്ള സുരക്ഷയും ഉറപ്പാക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശ പ്രകാരം ഉദ്യോഗസ്ഥരെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും സുരക്ഷാ ഓഡിറ്റ് വീണ്ടും നടത്തുവാൻ തീരുമാനിച്ചതനുസരിച്ച് സുരക്ഷാ ഓഡിറ്റ് നടത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി വിദ്യാലയങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള തുടർ നടപടികൾ ഓരോ വിദ്യാഭ്യാസ ഓഫീസർമാരുടെയും നേതൃത്വത്തിൽ നടന്നിട്ടുണ്ട്. ആയതിൽ ഫിറ്റ്നസില്ലാത്ത കെട്ടിടങ്ങളുടെയും പൊളിച്ചുമാറ്റേണ്ട കെട്ടിടങ്ങളുടെയും പട്ടിക തയ്യാറാക്കി അതിന്മേൽ തുടർ നടപടികൾ കൈക്കൊണ്ട് എല്ലാ രീതിയിലുള്ള സുരക്ഷയും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിൽ എട്ടാം ക്ലാസ് വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ചതും ചെല്ലാനത്ത് നിർമ്മാണം പൂർത്തിയാക്കിയ സ്കൂൾ കെട്ടിടത്തിൽ ചോർച്ചയും ഭിത്തിയിൽ വിള്ളലും രൂപപ്പെട്ടതും തൃശ്ശൂർ കോടാലിയിൽ സ്കൂൾ ഓഡിറ്റോറിയത്തിന്റെ മേൽക്കൂര തകർന്നതും ഉൾപ്പെടെയുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കൊല്ലം തേവലക്കരയിൽ ബോയ്സ് ഹൈസ്കൂളിൽ വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ച സംഭവത്തിൽ നടത്തിയ അന്വേഷണത്തിൽ ഗുരുതര വീഴ്ച്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ പ്രഥമാധ്യാപികയായ ശ്രീമതി. സുജ.എസ് നെ വേലവിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതും സ്കൂൾ മാനേജർ ശ്രീ. ആർ. തുളസീധരൻ പിള്ളയെ അയോഗ്യനായി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. കൂടാതെ, സ്കൂൾ ഫിറ്റ്നസ് പരിശോധന നടത്തിയ അസിസ്റ്റന്റ് എൻജിനീയറുടെ ഭാഗത്തു ജാഗ്രത കുറവ് സംഭവിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ ടി അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെ തദ്ദേശസ്വയംഭരണ വകുപ്പ് അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി സ്കൂളിലെ താൽകാലിക മാനേജറായി തുടർന്നുവരുന്നു.<br><br>ചെല്ലാനം പുത്തൻതോട് ഗവൺമെന്റ് എച്ച്.എസ്-ൽ കിഫ്ബി പദ്ധതി പ്രകാരം നിർമ്മിച്ച കെട്ടിടത്തിൽ ചോർച്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ക്ലാസ്സുകൾ മാറ്റി ക്രമീകരിച്ചിട്ടുണ്ട്. കുട്ടികൾ ഈ ഭാഗത്തേക്ക് പ്രവേശിക്കാതിരിക്കാൻ ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>തൃശ്ശൂർ കോടാലി ജി.എൽ..പി എസ് ഓഡിറ്റോറിയം മേൽക്കൂര തകർന്നതുമായി ബന്ധപ്പെട്ട് സ്കൂളിൽ പരിശോധന നടത്തുകയുണ്ടായി. താഴെ വീണ ഫാൾസീലിങ് ഷീറ്റുകൾ നിർമ്മാണം നടത്തിയ ഏജൻസിയായ കോസ്ററ്ഫോർഡ് മുഖേന ഓഡിറ്റോറിയത്തിൽ നിന്നും മാറ്റി ഹാളും പരിസരവും വൃത്തിയാക്കിയിട്ടുണ്ട്. മാത്രവുമല്ല നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് നിർമ്മാണം നടത്തിയ ഏജൻസിയായ COSTFORD ന് ആവശ്യമായ നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിട്ടുമുണ്ട്. |
| (സി) | സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സുരക്ഷാ പ്രശ്നങ്ങൾ പരിശോധിക്കാൻ ഒരു സമഗ്ര ഓഡിറ്റ് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (സി) | **ഓഡിറ്റ് നടത്തിയിട്ടുണ്ട്. സ്കൂൾ സുരക്ഷ, കുട്ടികളുടെ സുരക്ഷ, പരിസര ശുചീകരണം, ഉച്ചഭക്ഷണം, യാത്രസുരക്ഷ എന്നിവ സംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്തി 13/05/2025, 31/05/2025,** 26/07/2025, 07/08/2025 എന്നീ തീയതികളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ ആഫീസർമാർ മുഖാന്തിരം പ്രധാനാധ്യാപകർക്ക് |

| | | | |
|---|---|---|---|
| | | | നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിലെ വിദ്യാർത്ഥിയുടെ അപകട മരണത്തെ തുടർന്ന് സംസ്ഥാനത്തിലെ എല്ലാ വിദ്യാലയങ്ങളിലും എല്ലാ തരത്തിലുള്ള സുരക്ഷയും ഉറപ്പാക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശ പ്രകാരം ഉദ്യോഗസ്ഥരെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും സുരക്ഷാ ഓഡിറ്റ് വീണ്ടും നടത്തുവാൻ തീരുമാനിച്ചതനുസരിച്ച് സുരക്ഷാ ഓഡിറ്റ് നടത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി വിദ്യാലയങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള തുടർ നടപടികൾ ഓരോ വിദ്യാഭ്യാസ ഓഫീസർമാരുടെയും നേതൃത്വത്തിൽ നടന്നിട്ടുണ്ട്. ആയതിൽ ഫിറ്റ്നസില്ലാത്ത കെട്ടിടങ്ങളുടെയും പൊളിച്ചുമാറ്റേണ്ട കെട്ടിടങ്ങളുടെയും പട്ടിക തയ്യാറാക്കി അതിന്മേൽ തുടർ നടപടികൾ കൈക്കൊണ്ട് ഏല്ലാ രീതിയിലുള്ള സുരക്ഷയും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ